"ഭരണഭാഷ - മാതൃഭാഷ"

# കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956-ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)

രജി. ഓഫീസ്: വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം - 695 004, കേരള

CIN :U40100KL2011SGC027424 വെബ് സൈറ്റ് : www.kseb.in

ടെലഫോൺ നം.: 91 471 2514456, 2514575, 2514504

ഫാക്സ് : 0471 2554039 ഇമെയിൽ: secretary@kseb.in

## സംഗ്രഹം

ദിവസവേതന/കരാർ ജീവനക്കാരുടെ വേതനം – സ്പഷ്ടീകരണം സംബന്ധിച്ച് 30.08.2019-ന് കേരള സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് – കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നടപ്പാക്കിക്കൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവ്.

**കോർപ്പറേറ്റ് ഓഫീസ് (ഭരണം)**

**ബി.ഒ.(എഫ്.റ്റി.ഡി.) നമ്പർ. 29 /2021 (Estt.V/GI/5503/2020).**

**തിരുവനന്തപുരം, തീയതി, 16.01.2021.**

പരാമർശം:-

1. ബി.ഒ. (എഫ്.റ്റി.ഡി) നം.67/2020 (എസ്റ്റാ V/5828/2019 തീയതി 30.01.2020
2. 30.08.2019 തീയതിയായുള്ള സർക്കാർ ഉത്തരവ് സ.ഉ (അച്ചടി) നം.119/2019/ധന
3. സെക്രട്ടറി (ഭരണം)-യുടെ 24.12.2020ലെ കുറിപ്പ് നമ്പർ (എസ്റ്റാ V/GI/5503/2020) (അജണ്ട നമ്പർ 5/1/21)

## ഉത്തരവ്

പരാമർശം 1 ബോർഡ് ഉത്തരവ് പ്രകാരം സെക്യൂരിറ്റി ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവ് പ്രകാരം പരമാവധി (30/31 ദിവസം) ഡ്യൂട്ടി ചെയ്യുന്ന ജീവനക്കാർക്ക് അവധി ദിവസം ഒഴിച്ച് പരമാവധി 27 ദിവസത്തെ വേതനം മാത്രമേ കെ.എസ്.ഇ.ബി ലിമിറ്റഡിൽ നിന്നും നൽകുന്നുള്ളൂ. ഡ്രൈവർ ഉൾപ്പെടെ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്ക് ഓഫീസ് മേധാവിയുടെ നിർദ്ദേശാനുസരണം പരാമർശം 2-ൽ പറഞ്ഞിരിക്കുന്ന ഉത്തരവ് പ്രകാരം അവധി ദിവസം ഉൾപ്പെടെ മാസത്തിൽ 27-ൽ അധിക ദിവസം ഔദ്യോഗിക കൃത്യനിർവ്വഹണത്തിനുള്ള സാഹചര്യം വരികയാണെങ്കിൽ അപ്രകാരം അധിക ജോലി ചെയ്ത ദിവസങ്ങളിലെ അധിക വേതനത്തിനു മേലധികാരിയുടെ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ അർഹതയുണ്ടായിരിക്കുമെന്നും അപ്രകാരം നൽകുന്ന അധിക വേതനത്തിനുള്ള അർഹത ഓഫീസ് മേധാവി ഉറപ്പുവരുത്തേണ്ടതാണെന്നും ആയതിന്റെ പൂർണ്ണ ഉത്തരവാദിത്വം ഓഫീസ് മേധാവിക്കായിരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. കേരള സർക്കാരിന്റെ ധനകാര്യം (വ്യയം-സി)

വകുപ്പ് പുറപ്പെടുവിച്ച 30.08.2019 ലെ സർക്കാർ ഉത്തരവ് സ.ഉ.(അച്ചടി)നം.119/2019/ധന കെ.എസ്.ഇ.ബി ലിമിറ്റഡിൽ നടപ്പാക്കുന്നതിന് അംഗീകാരം നൽകി ഉത്തരവാകുന്നു.

(പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).

ഫുൾ ടൈം ഡയറക്ടർമാരുടെ
ഉത്തരവിൻ പ്രകാരം,
ഒപ്പ്/-
**ലേഖ.ജി**
**കമ്പനി സെക്രട്ടറി ഇൻ ചാർജ്ജ്**

സ്വീകർത്താവ്

എല്ലാ ചീഫ് എഞ്ചിനീയർമാരും.
എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാരും.

പകർപ്പ്:-

1. ഫിനാൻഷ്യൽ അഡ്വൈസർ/ചീഫ് ഇന്റേണൽ ആഡിറ്റർ.
2. ചീഫ് എൻജിനീയർ (ഐ.ടി).
3. കമ്പനി സെക്രട്ടറി ഇൻ-ചാർജ്ജ്.
4. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ/ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ, എച്ച്.ആർ.എം. & ഐ.ടി)/ ഡയറക്ടർ (ട്രാൻസ്മിഷൻ & സിസ്റ്റം ഓപ്പറേഷൻ)/ഡയറക്ടർ (കോർപ്പറേറ്റ് പ്ലാനിംഗ്, ജനറേഷൻ-ഇലക്ട്രിക്കൽ, ജനറേഷൻ-സിവിൽ, എസ്.സി.എം & സേഫ്റ്റി) എന്നിവരുടെ ടെക്നിക്കൽ അസിസ്റ്റന്റുമാർ.
5. ഡയറക്ടർ (ഫിനാൻസ്) ന്റെ പേഴ്സണൽ അസിസ്റ്റന്റ്.
6. ചീഫ് വിജിലൻസ് ഓഫീസർ/സെക്രട്ടറി (ഭരണം) യുടെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്.
7. സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

**സീനിയർ സൂപ്രണ്ട്**

# കേരള സർക്കാർ

## സംഗ്രഹം

ധനകാര്യ വകുപ്പ് – ദിവസവേതന ജീവനക്കാരുടെ വേതനം – സ്പഷ്ടീകരണം സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ധനകാര്യ (വ്യയം-സി) വകുപ്പ്

സ.ഉ.(അച്ചടി) നമ്പർ. 119/2019/ധന തിരുവനന്തപുരം, തിയ്യതി 30/08/2019

---

പരാമർശം:- (1) സ.ഉ (പി) നം. 81/2019/ധന തീയതി, 09/07/2019.
(2) സ.ഉ (പി) നം. 28/2016/ധന തീയതി, 26/02/2016.
(3) സ.ഉ (പി) നം. 56/2017/ധന തീയതി, 28/04/2017.
(4) സ.ഉ (പി) നം. 112/2018/ധന തീയതി, 21/07/2018.

## ഉത്തരവ്

പരാമർശം 1-ലെ ഉത്തരവു പ്രകാരം ദിവസവേതന/കരാർ ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ചു കൊണ്ടും പുതിയ മാനദണ്ഡങ്ങൾ ഏർപ്പെടുത്തികൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാമർശം 2, 3, 4 ഉത്തരവുകളിൽ കുറഞ്ഞത് 28 ദിവസം കണക്കാക്കിയാണ് പരമാവധി ദിവസവേതനം നൽകുന്നതിനു അനുമതി നൽകിയിരുന്നത്. എന്നാൽ പരാമർശം 1 –ലെ ഉത്തരവിൽ ഓരോ മാസത്തിലേയും കുറഞ്ഞത് 4 അവധി ദിവസങ്ങൾ കണക്കിലെടുത്തു പരമാവധി അനുവദിക്കാവുന്ന ദിവസ വേതനം 27 ദിവസത്തേയ്ക്കായി നിജപ്പെടുത്തിയിരുന്നു. എന്നാൽ ബഹു. മന്ത്രിമാരുടെയും, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ് എന്നിവരുടെ ഓഫീസുകളിലും, മറ്റു ചില ഓഫീസുകളിലും പല തസ്തികകൾക്കും അവധി ദിവസങ്ങളിലും ജോലി ചെയ്യേണ്ടതായ സാഹചര്യം വരുന്നതിനാൽ അവധി ദിവസത്തിലെ വേതനം അനുവദിക്കുന്നതു സംബന്ധിച്ച് സ്പഷ്ടീകരണം ലഭ്യമാക്കുവാനുള്ള നിർദേശം ലഭിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ബഹു. മന്ത്രിമാരുടെയും, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ് എന്നിവരുടെ ഓഫീസുകളിലും അതുപോലെതന്നെ അവധിദിവസങ്ങളിലും ജോലി ചെയ്യേണ്ടതായിട്ടുള്ള മറ്റു ചില ഓഫീസുകളിലും ഡ്രൈവർ ഉൾപ്പെടെ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർ ഓഫീസ് മേധാവിയുടെ നിർദേശാനുസരണം അവധി ദിവസം ഉൾപ്പെടെ മാസത്തിൽ 27-ൽ അധികം ദിവസം ഔദ്യോഗിക കൃത്യനിർവ്വഹണം വഹിക്കേണ്ടി വരുന്ന സാഹചര്യം വരുകയാണെങ്കിൽ, ഇവർക്ക് അപ്രകാരം അധികം ജോലി ചെയ്ത ദിവസങ്ങളിലെ അധിക വേതനത്തിനു മേലധികാരിയുടെ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ അർഹതയുണ്ടായിരിക്കുമെന്നും ഇപ്രകാരം നൽകുന്ന

അധിക വേതനത്തിനുള്ള അർഹത ഓഫീസ് മേധാവി ഉറപ്പ് വരുത്തേണ്ടതാണെന്നും ആയതിന്റെ പൂർണ്ണ ഉത്തരവാദിത്തം ഓഫീസ് മേധാവിക്കായിരിക്കുമെന്നും വ്യക്തമാക്കി ഉത്തരവ്വ പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**സഞ്ജീവ് കൗശിക് (ഐ.എ.എസ്)**
**പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യ വ്യയം)**

പകർപ്പ്: കേരള സംസ്ഥാന വൈദ്യുതി ബോർഡ് സെക്രട്ടറി,
തിരുവനന്തപുരം (സി.എൽ.അടക്കം)

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ